നം. സി.1/3898/റ്റി സി/2010

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരള, തിരുവനന്തപുരം,
തീയ്യതി 14.06.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം : - മോട്ടോർ വാഹന വകുപ്പ് - സ്റ്റേജ് കര്യേജുകളിലെ ഫസ്റ്റ് എയ്ഡ് ബോക്സ് സംബന്ധിച്ച്

സൂചന :1. 30.05.2011 തീയതിയിലെ 6860/സി എം പി.ജി.ആർ.സി4/എസ്.കെ/2011/ജി.എ.ഡി എന്ന സർക്കാർ കത്തിനോടൊപ്പമുള്ള ശ്രീ. സാഗരന്റെ നിവേദനം.
2. 05.03.2010 തീയതിയായ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരമുള്ള സർക്കാർ കത്തിനൊപ്പമുള്ള നിവേദനത്തിൽ ശ്രീ. സാഗരൻ ചൂണ്ടികാണിക്കുന്നത് കേരളത്തിലെ സ്റ്റേജ് കാര്യേജുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയിലൊന്നും തന്നെ ഫസ്റ്റ് എയ്ഡിനു വേണ്ട മരുന്നുകളോ സാമഗ്രികളോ ഒന്നും തന്നെയില്ലെന്നാണ്. സൂചന (2) പ്രകാരം ഈ വിഷയത്തിൽ വേണ്ട നിർദ്ദേശങ്ങൾ നേരത്തേ നൽകിയിട്ടുള്ളതാണ്. എന്നായിരുന്നാലും വാഹന പരിശോധന നടത്തുന്ന സമത്തും, വാഹനങ്ങൾക്ക് സി.എഫ് നൽകുന്ന സമയത്തും 1989 –ലെ കേന്ദ്രമോട്ടോർ വാഹന ചട്ടം 138(4)(ഡി) പ്രകാരമുള്ള സാധന സാമഗ്രികൾ ഫസ്റ്റ് എയ്ഡ് ബോക്സിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്